പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1968 17-12-2012-ൽ മറുപടിയ്ക്ക്

**ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ പഠന-നിലവാരം മെച്ചപ്പെടുത്തുന്നതിനു നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ മൈലത്തുള്ള ജി.വി.രാജ സ്പോർട്സ് സ്കൂളിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | സാധാരണ ഗവൺമെന്റ് സ്കൂളുകളിൽ നടപ്പിലാക്കുന്ന സൗകര്യങ്ങൾക്കുപരിയായി ഇതിനായി പ്രത്യേകിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുക സ്കൂളിൽ കഴിഞ്ഞ വർഷത്തെ ദേശീയ മത്സരങ്ങളിൽ സമ്മാനം നേടിയ കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ; ഏഷ്യയിലെതന്നെ ഒന്നാം നിലവാരം പുലർത്തിയിരുന്ന പ്രസ്തുത സ്കൂളിന് ഒരു അന്തർദ്ദേശീയ താരത്തെപ്പോലും സൃഷ്ടിക്കാൻ കഴിയുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | പ്രസ്തുത സ്കൂളിൽ നിന്നും ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ സമ്മാനം നേടിയ കുട്ടികൾ ഇല്ല. |
| (സി) | പാലക്കാട് ജില്ലയിലെ പറളി, മുണ്ടൂർ പോലുള്ള സാധാരണ സ്കൂളുകൾ കേവലം ഒരു കായിക അദ്ധ്യാപകന്റെ മാത്രം സേവനം ഉപയോഗിച്ച് അന്തർദ്ദേശീയ തലത്തിൽ ഒട്ടേറെ മികവുകൾ നേടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | കായിക പരിശീലനത്തിനായി ഓരോ ഇനത്തിനും പ്രത്യേകം മികവുറ്റ പരിശീലകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ